(ബി) ഇതിന്റെ പണി എന്നാരംഭിച്ച് എന്ന് പൂർത്തിയാക്കാമെന്നാണ് കരുതുന്നത് ;

(സി) ഇതിനാവശ്യമായ സ്ഥലമെടുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(ഡി) ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത് ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ 'ഗെയ്ൽ' ഈ പദ്ധതി സ്ഥാപിക്കാനുള്ള നടപടി എടുത്തുവരുന്നു.

(ബി) ഇതിന്റെ പണി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് തീരുമാനിച്ചിട്ടില്ല. പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) നിർദ്ദിഷ്ട പെട്രോകെമിക്കൽ കോംപ്ലക്സ് രണ്ട് സ്ഥലത്തായിട്ടാണ് സ്ഥാപിക്കുക. C2, C3 ഫാക്ടറി പുതുവൈപ്പിൻ ദ്വീപിലും, മറ്റുള്ളവ ഫാക്ടിന്റെ അമ്പലമുകളിലെ സ്ഥലത്തുമായിരിക്കും സ്ഥാപിക്കുക. ഫാക്ടിന്റെ 500 ഏക്കർ സ്ഥലം വാങ്ങുന്നതിന് 'ഗെയ്ൽ' ഉദ്യോഗസ്ഥർ ഫാക്ടിന്റെ മാനേജുമെന്റുമായി ചർച്ച ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. പ്രസ്തുത സ്ഥലം കൈമാറ്റത്തിന് വേഗത കൂട്ടാൻ പരിശ്രമിച്ചുവരുന്നു. പുതുവൈപ്പിനിലെ സ്ഥലത്തിനായി കൊച്ചി പോർട്ട് ട്രസ്റ്റിന് അപേക്ഷ നൽകിക്കഴിഞ്ഞു.

(ഡി) പ്രസ്തുത പദ്ധതിക്കായി നികുതിയിലും, തീരുവയിലും ചില ഇളവുകൾ അടങ്ങിയ ഒരു പാക്കേജ് അനുവദിക്കണമെന്ന ഗെയ്ലിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

സേവന പ്രദാന പദ്ധതി

12 [786] ശ്രീ. ടി. കെ. ദേവകുമാർ :
,, കെ. പി. സതീശ് ചന്ദ്രൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ എന്തെല്ലാം സേവന പ്രദാന സംസ്ഥാന തല പ്രോജക്ടുകളും സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുമാണ് ഏറ്റെടുത്തിട്ടുള്ളത് ; ഇതിന്റെ ഓരോന്നിന്റെയും പദ്ധതി നിർവ്വഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) 2005-2006 വർഷം സേവന പ്രദാന പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും ഇതിനകം ഓരോ മേഖലയിലും ചെലവഴിച്ച തുക എത്ര വീതമെന്നും പറയാമോ ;

(സി) ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ സേവന പ്രദാന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സേവന പ്രദാന പദ്ധതിയുടെ കീഴിലുള്ള സംസ്ഥാന പ്രോജക്ടുകൾ താഴെ പറയുന്നവയാണ് :

(1) ജനന-മരണ രജിസ്ട്രേഷൻ എന്നിവ കമ്പ്യൂട്ടർവൽക്കരിച്ച് ലളിതമാക്കുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക്ക് പ്രോജക്ട് (തദ്ദേശ സ്വയംഭരണ വകുപ്പ്).

(2) കളക്ടറേറ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ഡി. സി. സ്യൂട്ട് പ്രോജക്ട് (റവന്യു വകുപ്പ്).

(3) തിരുവനന്തപുരം സിറ്റി പോലീസിന് പൊതുജനവുമായി ആശയവിനിമയം നടത്തുന്നതിനുള്ള ജാലികയായ (website) "പോലീസ് പോർട്ടൽ" (ആഭ്യന്തര വകുപ്പ്).

(4) പോലീസ് ആസ്ഥാന ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം (ആഭ്യന്തര വകുപ്പ്).

ഇതിൽ ആദ്യത്തെ മൂന്നിനങ്ങളുടെയും പൈലറ്റ് ഘട്ടങ്ങൾ പ്രവർത്തന സജ്ജമാണ്. ഇനം 4-നെ കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

സേവന പ്രദാന പദ്ധതിക്കു കീഴിൽ സ്ഥാപനതല പദ്ധതികൾ റവന്യു, പൊതു വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യം, തദ്ദേശ സ്വയംഭരണം, രജിസ്ട്രേഷൻ, ആഭ്യന്തരം, സാമൂഹ്യ ക്ഷേമം എന്നീ 8 വകുപ്പുകളിലായി 2587 സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ സ്ഥാപനവും അവർ തന്നെ തയ്യാറാക്കിയ സ്ഥാപനതല പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന ശേഖരിച്ചുവരുന്നു.

(ബി) 2005-2006 വർഷം സേവന പ്രദാന പദ്ധതിയുടെ നിർവ്വഹണത്തിനായി വിവിധ വകുപ്പുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയതും പിന്നീട് ധനകാര്യ വകുപ്പിൽ നിന്ന് അധികമായി അനുവദിച്ചതുമായ തുകകളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകിയ തുകകളോടൊപ്പം ചുവടെ ചേർക്കുന്നു :

വകുപ്പ്	വകയിരുത്തിയ തുക	ഭരണാനുമതി
(1)	(2)	(3)
1. ആരോഗ്യം	20 കോടി	31,32,50,705.10
2. റവന്യു	21.5 കോടി	77,17,84,336.32
3. രജിസ്ട്രേഷൻ	7.5 കോടി	59,18,453.00
4. വിദ്യാഭ്യാസം (V.H.S.E.)	3 കോടി	4,20,48,331.00

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)		(3)
(5)	വിദ്യാഭ്യാസം (H.S.E.)	8.5	കോടി	8,07,51,559.00
(6)	വിദ്യാഭ്യാസം (D.P.I.)	21	കോടി	24,09,16,012.25
(7)	തദ്ദേശ സ്വയംഭരണം (Rural)	40	കോടി	10,75,13,880.00
(8)	തദ്ദേശ സ്വയംഭരണം (Urban)	10	കോടി	5,26,50,616.00
(9)	ഭക്ഷ്യം	7.5	കോടി	5,94,76,666.60
(10)	സാമൂഹ്യ ക്ഷേമം	20	കോടി	48.34,11,094.50
(11)	ആഭ്യന്തരം	15	കോടി	13,35,21,500.00

ഓരോ വകുപ്പിലും ചെലവഴിച്ച തുകയുടെ കണക്കുകൾ ശേഖരിച്ചു വരുന്നു.

(സി) സെക്രട്ടേറിയറ്റിൽ സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 17.5 ലക്ഷം രൂപ ഉപയോഗിച്ച് കോൺഫറൻസിങ്ങിനുള്ള സൗകര്യം വർദ്ധിപ്പിച്ചു. തുടർന്നുള്ള പദ്ധതികൾ തയ്യാറായി വരുന്നതേയുള്ളു.

സംസ്ഥാനത്തിന്റെ തീരദേശത്ത് താമസിക്കുന്ന വിദേശികൾ

13 [788] ശ്രീ. ലൂഡി ലൂയീസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനിൽ വിവരം നൽകാതെ സംസ്ഥാനത്തിന്റെ തീരദേശത്ത് വിദേശികൾ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചുകൊണ്ട് എത്ര വിദേശികൾ സംസ്ഥാനത്തിന്റെ തീരദേശത്ത് താമസമുണ്ട് ;

(സി) സംസ്ഥാനത്ത് താമസിക്കുന്ന വിദേശികളെ നിരീക്ഷണ വിധേയമാക്കാറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനിൽ വിവരം നൽകാതെ വിദേശികളാരും തീരദേശത്ത് സ്ഥിരമായി താമസിക്കുന്നതായി അറിവായിട്ടില്ല.

(ബി) പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചുകൊണ്ട് 139 വിദേശികൾ സംസ്ഥാനത്തിന്റെ തീരദേശത്ത് താമസമുണ്ട്.

(സി) സംസ്ഥാനത്ത് താമസിക്കുന്ന വിദേശികളെ നിരീക്ഷണ വിധേയമാക്കാറുണ്ട്.

(ഡി) ഉത്തരം (സി)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly